സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി. നം.1359/21/എൻ.എസ്

ദേവസ്വം ബോർഡ് ആഫീസ്,
തിരുവനന്തപുരം,04.03.2021.

ദേവസ്വം കമ്മീഷണർ
തിരുവിതാംകൂർ ദേവസ്വം ബോർഡ്

വിഷയം : പറവൂർ ഗ്രൂപ്പിൽപ്പെട്ട ആലുവ ശ്രീമഹാദേവക്ഷേത്രത്തിലെ 2021-ലെ ശിവരാത്രി മഹോത്സവം നടത്തിപ്പ് സംബന്ധിച്ച്.

സൂചന : 1. ഈ ആഫീസിലെ 16.02.2021-ലെ മേൽ നമ്പർ ഉത്തരവ്
2. പറവൂർ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 01-03-2021-ലെ 595-ാം നമ്പർ റിപ്പോർട്ട്

സൂചനകളിലേക്ക് ശ്രദ്ധക്ഷണിക്കുന്നു

പറവൂർ ഗ്രൂപ്പിൽപ്പെട്ട ആലുവ ശ്രീമഹാദേവക്ഷേത്രത്തിലെ തൻ വർഷത്തെ ശിവരാത്രി മഹോത്സവത്തിനോടനുബന്ധിച്ച് സർക്കാർ ഉത്തരവ്, ജില്ലാഭരണകൂടത്തിന്റെ അഭിപ്രായം എന്നിവ കണക്കിലെടുത്ത് കോവിഡ് 19 മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ട് ബലിയടക്കമുള്ള ചടങ്ങുകൾ നടത്തുന്നത് സംബന്ധിച്ച് 27-02-2021 ന് ആലുവ ശ്രീബലഭദ്ര ആഡിറ്റോറിയത്തിൽ വിവിധ ഡിപ്പാർട്ട്മെന്റ് മേധാവികളുമായി നടന്ന യോഗത്തിന്റെ മിനിട്സ് സൂചന (2) പ്രകാരം ലഭിച്ചിട്ടുള്ളതാണ്. ആയത് അംഗീകരിച്ച് ബോർഡുത്തരവാകുന്നു. കോവിഡ് 19 മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ട് ചുവടെ വിവരിക്കും പ്രകാരം ആലുവ ശിവരാത്രി മഹോത്സവം നടത്തുന്നതിന് തീരുമാനിച്ച് ബോർഡുത്തരവായ വിവരവും അറിയിക്കുന്നു.

1. ക്ഷേത്ര ദർശനം നടത്തുന്ന ഭക്തർ കൃത്യമായി സാമൂഹിക അകലം പാലിക്കണം.
2. മുഴുവൻ ഭക്തർക്കും മതിയായ സാനിറ്റൈസേഷൻ സൗകര്യം ലഭ്യമാക്കേണ്ടതാണ്.
3. ബലിതർപ്പണത്തിന്റെ സമയം 12-03-2021 വെളുപ്പിന് 4 മണി മുതൽ 12 മണി വരെയായി പിരമിതപ്പെടുത്തുന്നതിനും മണൽപ്പുറം 5 ക്ലസ്റ്ററുകളായി തിരിച്ച് ഓരോ ക്ലസ്റ്ററിലും 200-ൽ കൂടാതെ ആളുകളെ ഉൾക്കൊള്ളിച്ച് സാമൂഹിക അകലം ഉറപ്പുവരുത്തി ചടങ്ങ് അനുവദിക്കേണ്ടതാണ്.
4. ബലിതർപ്പണം നടത്തുവാൻ ആഗ്രഹിക്കുന്നവർ ഓൺലൈനായി മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആയതിലേക്കുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് ചീഫ് എഞ്ചിനീയറെ (ജനറൽ) ചുമതലപ്പെടുത്തുന്നു.

വിശ്വസ്തതയോടെ

(ഒപ്പ്)

സെക്രട്ടറി

(മേൽവിലാസം)

അംഗീകാരത്തോടെ

അസിസ്റ്റന്റ് സെക്രട്ടറി

പകർപ്പ് :

1. ഫിനാൻസ് കമ്മീഷണർ
2. ചീഫ് എഞ്ചിനീയർ (ജനറൽ)
3. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ വൈക്കം
4. എക്സിക്യൂട്ടീവ് എഞ്ചിനീയർ കോട്ടയം
5. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ പറവൂർ
6. അസിസ്റ്റന്റ് എഞ്ചിനീയർ ആലുവ
7. PS to Hon'ble President
8. PS to Hon'ble Member-1
9. PS to Hon'ble Member-2
10. മിനിറ്റ്സ്
11. സെക്ഷൻ ഫയൽ
12. ഫയൽ ബുക്ക്
13. ആഫീസ് കോപ്പി